LIBRARY ARCHIVES Kerala Legislative Assembly

(14) സർവ്വേയർമാരുടെ നിയമനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആയിരക്കണക്കിന് പട്ടയം നൽകിയിട്ടുണ്ട്. എന്നാൽ ഇനിയും അനേകായിരങ്ങൾക്ക് പട്ടയം ലഭിക്കാനുണ്ട്. അതുപോലെ റീ-സർവ്വേ പൂർത്തിയാക്കാത്തതിന്റെ ഫലമായി അത്യാവശ്യ കാര്യങ്ങൾക്ക് സ്ഥലം ക്രയവിക്രയം നടത്താൻ കഴിയാതെ ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. സർക്കാർ ആവശ്യങ്ങൾക്കും പൊതു ആവശ്യങ്ങൾക്കും അക്വിസിഷൻ നടത്തേണ്ടുന്ന അവസരത്തിലും അത്തരം നടപടികൾക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്താൻ സർവ്വേയർമാരില്ല. സർവ്വേയർമാർ ഇല്ലാത്തതിന്റെ ഫലമായി മേൽപ്പറഞ്ഞ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നു. അതേസമയം പി.എസ്.സി. അപേക്ഷ ക്ഷണിച്ചതനുസരിച്ച് സർവ്വേയർ പരീക്ഷ ഫസ്റ്റായി ടെസ്റ്റും ഇന്റർവ്യൂവും കഴിഞ്ഞ് പ്രസിദ്ധീകരിച്ച ലിസ്റ്റിൽ 100 കണക്കിന് സർവ്വേയർമാർ ഒരു ജോലിക്കുവേണ്ടി കാത്തുനിൽക്കുകയാണ്. അവരിൽ പലരും age over ആകുന്ന സ്ഥിതിയുമുണ്ട്. ലിസ്റ്റിന്റെ കാലാവധി മാർച്ച് 31-ന് അവസാനിക്കാൻ പോകുകയാണ്. പി.എസ്.സി. ലിസ്റ്റിൽ ഉള്ള ഈ ചെറുപ്പക്കാർക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കണമെന്നതാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന ആവശ്യം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ കെ. പി. രാജേന്ദ്രൻ): 2009-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും 11/2010-വരെ 682 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. 39 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 33 പേരുടെ അഡ്വൈസ് ലഭ്യമായിട്ടുണ്ട്. നിയമന ഉത്തരവ് ഉടനെ ഇവർക്ക് നൽകുന്നതാണ്. നിലവിൽ ആറ് ഒഴിവുകൾകൂടി ജടഇ-ക്ക് (ജൗയഹശര ടലൃശമല ഇീാശശൈി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട ആനത്തലവട്ടം ആനന്ദൻ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്ത് ഇന്ന് ഒട്ടേറെ ജോലികൾ, പുതിയ വികസന പ്രവർത്തനങ്ങളും പദ്ധതികളും, ആദിവാസി വനാവകാശനിയമം, പട്ടയം നൽകുന്നതുൾപ്പെടെയുള്ള ഒട്ടേറെ ഉത്തരവാദിത്വങ്ങൾ ഈ ഡിപ്പാർട്ടുമെന്റിൽ വന്നിട്ടുണ്ട്. ഒട്ടേറെ വൻകിട പദ്ധതികളും നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെയൊക്കെ സർവ്വേയർമാരുടെ ആവശ്യമുണ്ട്. ജീവനക്കാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചാൽ മാത്രമേ സമയബന്ധിതമായി ഈ നടപടികൾ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് സംസ്ഥാനത്തിന്റെ ആവശ്യത്തിനനുസൃതമായി ഭൂമി ഏറ്റെടുക്കുന്നതിനും റീസർവ്വേ ഉൾപ്പെടെയുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കാനും കൂടുതൽ ജീവനക്കാരുടെ തസ്തികകൾ അനുവദിക്കണമെന്ന ആവശ്യം ഞങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പ് അത് പരിശോധിച്ചുവരികയാണ്.

(15) കെ.എസ്.ഇ.ബി.യുടെ എൻ.ഒ.സി.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, 1997-98 കാലഘട്ടത്തിൽ ശ്രീ. സുമൻ ഐ.എ.എസ്. സബ്കളക്ടറായിരുന്ന സന്ദർഭത്തിൽ മൂന്നാർ കെ.ഡി.എച്ച്. വില്ലേജിലെ കോളനി നിവാസികളുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തുകയും അതിനുശേഷം ത്രിതല പഞ്ചായത്തുകൾ വീടുവച്ച് നൽകുകയും പട്ടയം നൽകുകയും ചെയ്ത പ്രദേശത്ത് ഇപ്പോഴും മാറിമാറിവരുന്ന കെ.എസ്.ഇ.ബി.

ജീവനക്കാർ ചില സന്ദർഭങ്ങളിൽ അവകാശവാദവുമായി നിലനിൽക്കുകയും പോലീസിൽ പരാതിപ്പെടുകയുമൊക്കെ ചെയ്യുന്നുണ്ട്. അവിടെ പട്ടയത്തിന് അപേക്ഷിച്ച് അസൈൻമെന്റ് കമ്മിറ്റി പരിശോധന നടത്തിയ സന്ദർഭത്തിൽ ഈ വിഷയങ്ങൾ നിലനിൽക്കുകയാണ്. അതുകൊണ്ട് ഈ വീടുകളിൽ താമസിക്കുന്ന കോളനി നിവാസികൾക്ക്, ഒരു ലക്ഷംവരുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയതിലേയ്ക്ക് കെ.എസ്.ഇ.ബി.യിൽനിന്നും മറ്റ് യാതൊരുവിധ പ്രശ്നങ്ങളുമില്ലാത്ത നിലയിൽ എൻ.ഒ.സി. നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതിൽ മൂന്നാർ കെ.ഡി.എച്ച്. വില്ലേജിലെ സർവ്വേ നമ്പർ 843 (എ)-യിൽപ്പെട്ട 10.4511 ഹെക്ടർ സ്ഥലം കെ.എസ്.ഇ.ബി.യുടെ കൈവശമുണ്ട്. വില്ലേജ് രേഖകളിൽ റവന്യൂ ഭൂമി എന്ന നിലയിലാണ് ഈ ഭൂമിയുള്ളത്. ഇത് കെ.എസ്.ഇ.ബി.-ക്ക് പോക്കുവരവ് ചെയ്തുകിട്ടുന്നതിന് 1997-മുതൽ ആവശ്യപ്പെട്ടുവരുന്നുണ്ട്. എന്നാൽ ഇതുവരെ പോക്കുവരവ് ചെയ്ത് ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യുടെ കൈവശമുള്ള ഈ ഭൂമിയിൽ 45-ഓളം കയ്യേറ്റക്കാർ താമസമുണ്ട്. ഇതുസംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ പരാതികളിന്മേൽ കേസ്സുകൾ എടുത്തിട്ടുണ്ട്. എന്നാൽ കയ്യേറ്റക്കാർക്ക് കൈവശമുള്ള ഭൂമിക്ക് 843(എ) എന്ന പ്രത്യേക സർവ്വേ നമ്പരുണ്ടെന്ന് അവർ അവകാശപ്പെടുന്നുണ്ട്. അനധികൃതകയ്യേറ്റം ഒഴിവാക്കി കെ.എസ്.ഇ.ബി.-ക്ക് അവകാശപ്പെട്ട ഭൂമി തിട്ടപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിക്കും. കയ്യേറ്റക്കാർക്ക് വേറെ ഭൂമിയുണ്ടോ, കയ്യേറ്റം നടന്നിട്ട് എത്ര കാലമായി തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് അർഹരായ ആളുകൾക്ക് ഇപ്പോൾ അവർ കൈവശംവച്ചിരിക്കുന്ന സ്ഥലത്ത് പട്ടയം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

[11.00 A.M.]

(16) ക്രീമിലെയർ സർട്ടിഫിക്കറ്റ്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേന്ദ്ര സർക്കാരിന്റെ 9.03.1996-ലെ 12011/96/ആഇഇ നമ്പർ തീരുമാനപ്രകാരം കേരളത്തിലെ മുസ്ലീങ്ങളെ ഒ.ബി.സി. പട്ടികയിൽ 39A Other Muslims excluding (i) Bohra (ii) Cutchi Memon (iii) Navayat (iv) Turukhan (v) Dhakni Muslim എന്നാണ് ചേർത്തിട്ടുള്ളത്. സംസ്ഥാന സർക്കാരും ഇത് അംഗീകരിച്ചിട്ടുണ്ട്. 26-3-1996-ലെ 13233/എ1/95/SC-ST നമ്പർ സർക്കുലറിലൂടെ വകുപ്പ് മേധാവികളെ ഈ കാര്യം അറിയിച്ചിട്ടുമുണ്ട്. എന്നാൽ ഇപ്പോഴും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിൽ തഹസിൽദാർമാർ ഇസ്ലാം-മുസ്ലീം എന്നാണ് ചേർത്തുകൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വകുപ്പുകളും സ്ഥാപനങ്ങളും കേന്ദ്ര സർവ്വകലാശാലകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഇത്തരം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൾ അംഗീകരിക്കുന്നില്ല. ഇത് കേരളത്തിലെ മുസ്ലീങ്ങൾക്ക് കേന്ദ്ര തൊഴിൽ രംഗത്തും ഉന്നത വിദ്യാഭ്യാസ രംഗത്തും ഒട്ടേറെ അവസരങ്ങൾ നഷ്ടപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly